**Email : keralarcs.coop@kerala.gov.in**
**Website : www. cooperation. kerala.gov.in.**

സി.ജി.(1) 21976/12

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 22/4/2014

## സർക്കുലർ നമ്പർ 16/14

വിഷയം– സഹകരണ വകുപ്പ്– പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും വിതരണം ചെയ്യുന്ന വിവിധയിനം–വായ്പകളുടെ പരിധി വർദ്ധിപ്പിക്കുന്നത്– സംബന്ധിച്ച്.

സൂചന–1) സഹകരണ സംഘം രജിസ്ട്രാറുടെ 3.8.2004 തീയതിയിലെ 30/2004–ാം നമ്പർ സർക്കുലർ.
2) സഹകരണ സംഘം രജിസ്ട്രാറുടെ 21.5.09 ലെ 21/09 നമ്പർ സർക്കുലർ.
3) സഹകരണ സംഘം രജിസ്ട്രാറുടെ 6.3.10 ലെ 12/10 നമ്പർ സർക്കുലർ.
4) സഹകരണ സംഘം രജിസ്ട്രാറുടെ 6.6.2013 തീയതിയിലെ 37/13–ാംനമ്പർ സർക്കുലർ.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അംഗങ്ങൾക്ക് നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും നിശ്ചയിച്ചുകൊണ്ട് സൂചന(2) പ്രകാരവും അംഗങ്ങൾക്ക് നൽകുന്ന വായ്പകൾക്ക് ഈടാക്കാവുന്ന ഓഹരി അനുപാതം നിശ്ചയിച്ചുകൊണ്ട് സൂചന (1) പ്രകാരവും സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം നിശ്ചയിക്കപ്പെട്ടിരുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും വർദ്ധിപ്പിക്കേണ്ട ആവശ്യം ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം കൂടിയ സബ്കമ്മിറ്റി പരിഗണിക്കുകയും ഇക്കാര്യത്തിൽ ശുപാർശ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അവയുടെ അംഗങ്ങൾക്ക് നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനി ച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അവയുടെ അംഗങ്ങൾക്ക് നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും ചുവടെ ചേർക്കുന്ന ഖണ്ഡിക III-ന് വിധേയമായും സംഘങ്ങളുടെ ബൈലായിലെ IMBP(individual maximum borrowing power) നിബന്ധനകൾക്ക് വിധേയമായും ചുവടെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ചു കൊണ്ട് നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നു.

| ക്രമ നം. | വായ്പാ പരിധി | പരമാവധി പരിധി (തുക ലക്ഷത്തിൽ) | | കാലാവധി |
|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | |
| I | ***കാർഷിക/കാർഷികാനുബന്ധാവശ്യങ്ങൾക്കുള്ള വായ്പ*** | | | |
| 1. | ഹ്രസ്വകാല കാർഷിക വായ്പകൾ | 3.00 | 3.00 | 1 വർഷം |
| 2. | മദ്ധ്യകാല കാർഷിക വായ്പകൾ | 3.00 | 3.00 | 3 വർഷം മുതൽ 5 വർഷം വരെ |
| 3. | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് | --- | 0.20 | 1 1/2 വർഷം (ഒന്നര വർഷം) |
| II | ***കാർഷികേതര വായ്പ*** | | | |
| 1. | സ്വയം തൊഴിൽ വായ്പ | 5.00 | 5.00 | 5 വർഷം |
| 2. | വ്യവസായ വായ്പ | 10.00 | 25.00 | 10 വർഷം |
| 3. | ഭൂസ്വത്ത് വാങ്ങുന്നതിന് | 5.00 | 25.00 | 10 വർഷം |
| 4. | സ്വർണ്ണപ്പണയം | 5.00 | 25.00 | 1 വർഷം |
| 5. | കുട്ടികളുടെ വിദ്യാഭ്യാസ വായ്പാ | 0.25 | 0.25 | 2 വർഷം |
| 6. | പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ | 5.00 | 10.00 | 10 വർഷം |

| | | | | |
|---|---|---|---|---|
| 7. | വിവാഹ വായ്പ | 3.00 | 5.00 | 3 വർഷം |
| 8. | വീട് മെയിന്റനൻസ് | 3.00 | 5.00 | 5 വർഷം |
| 9. | ചികിത്സ/മരണാനന്തര ചില വുകൾ | 1.50 | 1.50 | 3 വർഷം |
| 10. | ഭവന നിർമ്മാണം<br><br>വീടും ഭൂസ്വത്തും വാങ്ങൽ (വ്യക്തികൾക്ക് ഫ്ളാറ്റ് വാങ്ങാൻ ഉൾപ്പെടെ) | 10.00 | 25.00<br><br>50.00 | 5/10 വർഷം (ബൈലായ്ക്കും, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഇളവുകൾക്കും വിധേയം) |
| 11 | വീട്ടുപകരണങ്ങൾ | 2.00 | 5.00 | 5 വർഷം |
| 12 | വിദേശത്ത് ജോലി തേടി പോകുന്നത് | 5.00 | 5.00 | 3 വർഷം |
| 13 | വാഹന വായ്പ | 10.00 | 10.00 | 7 വർഷം |
| 14 | കാഷ് ക്രെഡിറ്റ്/ഓവർ ഡ്രാഫ്റ്റ് | 10.00 | 10.00 | 1 വർഷം |
| 15 | ബിസിനസ്സ് വായ്പ | 5.00 | 10.00 | 5 വർഷം |
| 16 | കുടുംബശ്രീ/SHG വായ്പ (അക്കൗണ്ട് ഉള്ള സംഘ ങ്ങൾക്ക് മാത്രം) | 3.00 | 5.00 | 5 വർഷം |
| 17 | ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങു ന്നതിന് | 5.00 | 5.00 | 5 വർഷം |
| 18 | സാധാരണ വായ്പ (മോർട്ട്ഗേജ്) | 5.00 | 10.00 | 5 വർഷം |
| 19 | പഞ്ചായത്ത്/മുൻസിപ്പാ ലിറ്റി/കോർപ്പറേഷനുകളിൽ 3 സെന്റ് വരെ ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിന് | .50 | 3.00 | 5 വർഷം |
| 20 | വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്ക് | 5.00 | 10.00 | 5 വർഷം |
| 21 | ഇതര സഹകരണ സ്ഥാപന ങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപങ്ങൾക്ക് | 10.00 | 10.00 | 5 വർഷം |

| | | | |
|---|---|---|---|
| III | ***ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി (തുക ലക്ഷത്തിൽ)*** | | |
| | | നിലവിൽ | പുതുക്കിയത് |
| 1. | 1 കോടി രൂപ വരെ നിക്ഷേപമുള്ള സംഘങ്ങൾക്ക് | 3.00 | 5.00 |
| 2. | 1 കോടി രൂപയ്ക്ക് മുകളിൽ 5 കോടി രൂപ വരെ | 4.00 | 7.00 |
| 3. | 5 കോടി രൂപയ്ക്ക് മുകളിൽ 10 | 5.00 | 10.00 |

| | | | |
|---|---|---|---|
| | കോടി രൂപ വരെ | | |
| 4. | 10 കോടി രൂപയ്ക്ക് മുകളിൽ 25 കോടി രൂപ വരെ | 10.00 | 25.00 |
| 5. | 25 കോടി രൂപയ്ക്ക് മുകളിൽ 50 കോടി രൂപ വരെ | 10.00 (25 കോടി രൂപയ്ക്ക് മുകളിൽ) | 40.00 |
| 6. | 50 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള സംഘങ്ങൾക്ക് | -- | 50.00 |

കേന്ദ്ര/സംസ്ഥാനാവിഷ്ക്കൃത പദ്ധതി വായ്പകൾക്ക് അതാതു പദ്ധതികൾക്ക് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ബാധകമായിരിയ്ക്കുന്നതാണ് രജിസ്ട്രാറുടെ 37/13 സർക്കുലർ മുഖേന നിർദ്ദേശിച്ചിട്ടുള്ള ഓഹരി അനുപാതം തുടർന്നും നില നിൽക്കുന്നതാണ്.

സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല/മധ്യകാല കാർഷിക വായ്പകളുടേയും,നബാർഡിന്റെ റീഫൈനാൻസ് ലഭ്യമാക്കുന്ന ഒരു വർഷ ക്കാലാവധിയുള്ള ഹ്രസ്വകാല കാർഷിക വിള വായ്പകളുടെയും പരിധി നിലവിലുള്ള 3 ലക്ഷത്തിൽ നിന്നും പരമാവധി 10 ലക്ഷം രൂപയായി സ്കെയിൽ ഓഫ് ഫൈനാൻസിന് വിധേയമായി വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകുന്നു. എന്നാൽ 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് മാത്രമേ നിലവിലുള്ള പലിശ ഇളവ് ആനുകൂല്യം ലഭ്യമാകുകയുള്ളു.

മേൽ സൂചിപ്പിച്ചിട്ടുള്ള വായ്പാ പരിധിയിൽ അധികരിച്ച് വായ്പകൾ വിതരണം ചെയ്യേണ്ട സംഘങ്ങൾ/ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക അനുമതി വാങ്ങി മാത്രമേ പ്രസ്തുത പരിധിയിൽ കവിഞ്ഞ വായ്പകൾ വിതരണം ചെയ്യാൻ പാടുള്ളു. മേൽ സൂചിപ്പിച്ചിട്ടുള്ള വായ്പാ പദ്ധതികൾ അല്ലാതെ അനുയോജ്യ മായ മറ്റേതെങ്കിലും വായ്പാ പദ്ധതികൾ സംഘങ്ങൾ/ബാങ്കുകൾ ആവിഷ്കരിക്കുകയാ ണെങ്കിൽ അതിനുള്ള മുൻകൂർ അനുമതിയും വാങ്ങിയിരിക്കേണ്ടതാണ്. എല്ലാ പ്രാഥ മിക പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ മേൽ സൂചിപ്പിച്ചിട്ടുള്ള

വായ്പാ പദ്ധതികളും, വായ്പാ പരിധിയും അനുസരിച്ച് അതാതു സംഘങ്ങൾ/ബാങ്കുകളുടെ ബൈലായിൽ, വായ്പാ പരിധി, ഐ.എം.ബി.പി (IMBP) വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ റിസർവ്വ് ബാങ്ക്/നബാർഡ് നിഷ്കർഷിക്കുന്ന വായ്പാ പരിധി നിബന്ധനകൾ പാലിക്കേണ്ടതാണ്.

ഒപ്പ്,
കെ.വി.സുരേഷ്ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

1) രജിസ്ട്രാർ
കേരള ഹൈക്കോടതി–ഉപരിപത്രം സഹിതം,
എറണാകുളം.
2) സെക്രട്ടറി
കേരള നിയമസഭ– ഉപരിപത്രം സഹിതം.
3) ഡയറക്ടർ ഓഫ് കോ–ഓപ്പറേറ്റീവ്
ആഡിറ്റ് ,തിരുവനന്തപുരം.
4) എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും
ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന
5) ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
6) മാനേജിംഗ് ഡയറക്ടർ
സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
7) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
8) എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മ്മാർക്കും
ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന
9) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
10) എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മ്മാർക്കും
11) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
12) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
13) വെബ്സൈറ്റ്
14) സ്റ്റോക്ക് ഫയൽ/ സ്പെയർ